# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 29**

---

## മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റ്; താത്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ബയോ സയൻസസിൽ മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റ് തസ്തികയിൽ ഒരു വർഷത്തേക്ക് താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

പട്ടിക ജാതി വിഭാഗത്തിൽ ഒരൊഴിവാണുള്ളത്. ബി.എസ്സി എം.എൽ.ടി യോഗ്യതയുള്ള വരെയാണ് പരിഗണിക്കുന്നത്. പ്രവൃത്തിപരിചയം അഭിലഷണീയം. പ്രതിമാസ വേതനം 20000 രൂപ. പ്രായപരിധി 2024 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. സംവരണ വിഭാഗക്കാർക്കുള്ള നിയമാനുസൃത വയസിളവ് ബാധകമായിരിക്കും.

സർവകലാശാലാ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷാ ഫോറം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം വിജ്ഞാപന തീയതിക്കുശേഷം 15 ദിവസത്തിനുള്ളിൽ ada5@mgu.ac.in എന്ന ഇ മെയിൽ വിലാസത്തിലോ രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം -686560 എന്ന വിലാസത്തിൽ തപാൽ മുഖേനയോ അയയ്ക്കണം.

(പി.ആർ.ഒ/39/98/2024)

## ഗാന്ധിസ്മിതി സെമിനാറിന് തുടക്കമായി

അസഹിഷ്ണുതയുടെ കാലത്ത് ഗാന്ധിയുടെ അഹിംസാ പാഠങ്ങൾ ലോകത്തിന് വഴികാട്ടിയാണെന്ന് ഗാന്ധിസ്മാരക നിധി ചെയർമാൻ ഡോ.എൻ. രാധാകൃഷ്ണൻ പറഞ്ഞു. എം.ജി. സർവകലാശാലയിലെ സ്ക്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവല്മെന്റ് സ്റ്റഡീസിൽ ഗാന്ധിസ്മൃതി സെമിനാറിൽ മുഖ്യപ്രഭാഷണം

നടത്തുകയായിരുന്നു അദ്ദേഹം.

ഐ.ക്യു എ സി. ഡയറക്ടർ പ്രൊഫ. റോബിനെറ്റ് ജേക്കബ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ:പി.പി. നൗഷാദ് അധ്യക്ഷത വഹിച്ചു. ഡോ. സജു മാത്യു പ്രബന്ധം അവതരിപ്പിച്ചു. സെമിനാർ കോ-ഓർഡിനേറ്റർ ഡോ. സി.ആർ. ഹരി ലക്ഷമിന്ദ്ര കുമാർ, ഡോ. രാജേഷ് മണി, ആഷിക്ക് ലാൽ എ, ദേവിശ്രീ എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ ഇന്ന് (ജനുവരി 30) പി.എ വാസുദേവൻ പ്രഭാഷണം നടത്തും.
(പി.ആർ.ഒ/39/99/2024)

## തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് കാര്യക്ഷമമാക്കണം-ശിൽപ്പശാല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റിംഗ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജാഗ്രത പുലർത്തണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല സംഘടിപ്പിച്ച ശിൽപ്പശാല നിർദേശിച്ചു. ദേശീയ തലത്തിൽ സോഷ്യൽ ഓഡിറ്റിൽ കേരളം മുൻപന്തിയിലാണെങ്കിലും ഗ്രാമപഞ്ചായത്തുകളിൽ കൂടുതൽ ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതുണ്ടെന്ന് ശിൽപ്പശാലയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ സംസ്ഥാന പ്ലാൻ പ്രോജക്ടിൻറെ സഹായത്തോടെ സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി ചേർന്നാണ് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ പരിപാടി നടത്തിയത്. സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ ഡോ.എൻ രമാകാന്തൻ മുഖ്യപ്രഭാഷണം നടത്തി.

സംസ്ഥാന ഓംബുഡ്സ്മാൻ അപ്പലേറ്റ് അതോറിറ്റി അംഗം എൻ. വിനോദിനി, എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എസ്. ഷിനോ, തൊഴിലുറപ്പ് പദ്ധതി ജില്ലാ പ്രോഗ്രാം കോഓർഡിനേറ്റർ ശ്യാമലക്ഷ്മി, ബാലമുരളി തുടങ്ങിയവർ സംസാരിച്ചു. ഇന്റർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ ഡയറക്ടർ കെ.എം.സീതി, പ്രോഗ്രാം കോഓർഡിനേറ്റർ സാബു തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

എറണാകുളം ജില്ലയിൽ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ, ജില്ലാ സോഷ്യൽ ഓഡിറ്റ് ടിം അംഗങ്ങൾ, ജനപ്രതിനിധികൾ തദ്ദേശ സ്ഥാപന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.
(പി.ആർ.ഒ/39/100/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എ തമിഴ് , പൊളിറ്റിക്കൽ സയൻസ് (പി.ജി.സി.എസ്.എസ് 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019,2020, 2021 അഡ്മിഷനുകൾ

സപ്ലിമെന്ററി ജൂലൈ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.....................

കഴിഞ്ഞ നവംബറിൽ നടന്ന അഞ്ചാം സെസമസ്റ്റർ ഐ.എം.സി.എ(2020 അഡ്മിഷൻ റെഗുലർ), ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ഐ.എം.സി.എ(2017, 2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി), ഡി.ഡി.എം.സി.എ(2016 അഡ്മിഷൻ സപ്ലിമെന്ററി, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ആറു മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/101/2024)

## <u>പ്രാക്ടിക്കൽ</u>

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ(സി.എസ്.എസ്-2022 അഡ്മിഷൻ റെഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി ഏഴിന് പത്തനംതിട്ടയിലെ സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

..................

യു.ജി. അദാലത്ത് മേഴ്സി ചാൻസ് പരീക്ഷ(ഒക്ടോബർ 2022)യുടെ ബി.എസ്സി കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി ഒന്നു മുതൽ അമലഗിരി ബി.കെ. കോളജിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/102/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**